പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 2233

17.6.2014 ൽ
മറുപടിയ്ക്ക്

ഐ.റ്റി. കമ്പനികൾ സൃഷ്ടിക്കുന്ന തൊഴിലവസരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം.വി. ശ്രേയാംസ് കുമാർ ;<br>ശ്രീ. പി.സി. ജോർജ് ;<br>ഡോ. എൻ. ജയരാജ് ;<br>ശ്രീ. റോഷി അഗസ്റ്റിൻ ; | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) | കേരളത്തിലെ പ്രമുഖ തൊഴിൽ ദാതാക്കളിൽ ഐ.റ്റി. കമ്പനികളുടെ പങ്ക് എത്രത്തോളമുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) | ആകെയുള്ള തൊഴിൽ മേഖലയിൽ 25% ഐ.ടി. മേഖലയിലുള്ളതാണെന്ന് കണക്കാക്കപ്പെടുന്നു. |
| ബി) | ഐ.റ്റി. കമ്പനികൾ മുഖാന്തിരം സംസ്ഥാനത്ത് ഇതിനോടകം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു ; വ്യക്തമാക്കുമോ ; | ബി) | ടെക്നോപാർക്ക് മുഖേന 45000 പേർക്കും ഇൻഫോപാർക്ക് മുഖേന 23000 പേർക്കും പ്രത്യക്ഷമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഏകദേശം നാലിരട്ടി പരോക്ഷമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |
| സി) | ഇപ്രകാരം തൊഴിൽ നൽകുന്ന കാര്യത്തിൽ പ്രമുഖ സ്ഥാനം വഹിക്കുന്ന കമ്പനികൾ ഏതെല്ലാമാണ് ; | സി) | ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമായി Infosys, Allianz Conhill, Information Services Pvt. Ltd., IBS Software Services Pvt. Ltd., EY Technologies Pvt. Ltd., NeST, UST Global, RR Donnelly, TATA Elxsi, SunTec, RMESI, Oracle, Cognizant, TCS, Wipro, KPMG, EXLഎന്നിവയാണ് തൊഴിൽ നൽകുന്ന പ്രമുഖ കമ്പനികൾ. |
| ഡി) | ആഗോള തലത്തിലുള്ള സാമ്പത്തിക മാന്ദ്യം കേരളത്തിൽ പ്രവർത്തിക്കുന്ന ഐ.റ്റി. കമ്പനികളുടെ വികസന പദ്ധതികൾക്ക് ഏതെങ്കിലും വിധത്തിലുള്ള തിരിച്ചടി ഉണ്ടാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ? | ഡി) | ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമുള്ള കമ്പനികളെ കാര്യമായി ബാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ